പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1641 21.01.14 ലെ മറുപടിക്ക്

## കർഷക കടാശ്വാസ കമ്മീഷൻ പ്രഖ്യാപിച്ച ആശ്വാസധനം

| ചോദ്യം | മറുപടി |
|---|---|
| ഡോ. ടി.എം.തോമസ് ഐസക്<br>ശ്രീ.സി.കെ.സദാശിവൻ<br>ശ്രീമതി കെ.എസ്.സലീഖ<br>ശ്രീമതി കെ.കെ.ലതിക | ശ്രീ.കെ.പി.മോഹനൻ<br>കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി |
| (എ) വിളനാശം മൂലം ദുരിതമനുഭവിക്കുന്ന കർഷകർക്ക് കർഷക കടാശ്വാസ കമ്മീഷൻ പ്രഖ്യാപിച്ച ആശ്വാസധനം കടിശ്ശിക ആയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ നാളിതുവരെ 158,08,43,329/- രൂപയുടെ കടാശ്വാസം ശിപാർശ ചെയ്തിട്ടുണ്ട്. ആയത് ബന്ധപ്പെട്ട ബാങ്കുകൾക്ക് അനുവദിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ കമ്മീഷനിൽ നിന്ന് സർക്കാരിൽ ലഭ്യമാക്കുന്നതനുസരിച്ച് ബജറ്റ് വിഹിതത്തിന്റെ ലഭ്യതയുടെ കൂടി അടിസ്ഥാനത്തിൽ 118,05,39,412/- രൂപ അനുവദിച്ചിട്ടുണ്ട്. |
| (ബി) വിളനാശം മൂലം നഷ്ടം വന്ന കർഷകരിൽ നിന്നും കർഷക കടാശ്വാസ കമ്മീഷന് ലഭിച്ച എത്ര അപേക്ഷകളിന്മേൽ ഇനിയും തീരുമാനം എടുക്കാനുണ്ട്; ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കാമോ; | (ബി) 2006 ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ആക്ട് പ്രകാരം രൂപീകരിച്ച കർഷക കടാശ്വാസ കമ്മീഷനിൽ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 20.02.2009 ലെ സ.ഉ.(എംഎസ്.) നം.37/2009/കൃഷി ഉത്തരവ് പ്രകാരം 2009 മെയ് 31 ആയി നിശ്ചയിച്ചിരുന്നു. പ്രസ്തുത കാലയളവിനുള്ളിൽ കമ്മീഷനിൽ ലഭിച്ച 4,11,782/- അപേക്ഷകളിൽ 53,279 എണ്ണം ഇനിയും തീർപ്പാക്കാനുണ്ട്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു. |

| | |
|---|---|
| ആലപ്പുഴ | 2,500 |
| ഇടുക്കി | 34,000 |
| പാലക്കാട് | 500 |
| മലപ്പുറം | 150 |
| കോഴിക്കോട് | 4,679 |
| കണ്ണൂർ | 4,450 |

| | |
|---|---|
| വയനാട് | 3,000 |
| കാസർഗോഡ് | 4,000 |
| **ആകെ** | **53,279** |

മറ്റ് ജില്ലകളിൽ നിന്ന് ലഭിച്ച അപേക്ഷകൾ എല്ലാം തന്നെ തീർപ്പാക്കിയിട്ടുണ്ട്.

കൂടാതെ 01.01.12 ലെ ജി.ഒ.(പി.) നം.370/2012/ആർഡി ഉത്തരവ് പ്രകാരം വയനാട് ജില്ലയിലെ കർഷകരുടെ 31.10.2011 വരെയുള്ള കാർഷിക കടങ്ങൾ കൂടി കമ്മീഷന്റെ പരിധിയിൽ കൊണ്ടു വന്നതിനെത്തുടർന്ന് വയനാട് ജില്ലയിൽ നിന്ന് ലഭിച്ച 20,000 അപേക്ഷകളും തീർപ്പാക്കാനുണ്ട്.

(സി) കമ്മീഷൻ പ്രഖ്യാപിച്ച നഷ്ടപരിഹാര തുക നൽകാനാവശ്യമായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ടോ; അടങ്കൽ തുകയുടെ അപര്യാപ്തതയും നടപടി കളിലെ കാലവിളംബവും മൂലം കർഷകർക്ക് യഥാസമയം ആശ്വാസം ലഭിക്കുന്നില്ലെന്ന് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; വിശദമാക്കമോ?

(സി) കർഷക കടാശ്വാസ കമ്മീഷൻ ശിപാർശ ചെയ്തിട്ടുള്ള കടാശ്വാസം പൂർണ്ണമായും അനുവദിക്കുന്നതിനുള്ള തുക നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ വകയിരുത്തിയിട്ടില്ല. അഡീഷണൽ ഓതറൈസേഷൻ വഴി കൂടുതൽ തുക അനുവദിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

അടങ്കൽ തുകയുടെ അപര്യാപ്തതയും നടപടികളിലെ കാലവിളംബവും മൂലം കർഷകർക്ക് യഥാസമയം ആശ്വാസം ലഭിക്കുന്നില്ലെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കടാശ്വാസത്തുക അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് ബജറ്റ് വിഹിതത്തിന്റെ ലഭ്യതയനുസരിച്ച് കടാശ്വാസത്തുക ബന്ധപ്പെട്ട സഹകരണ സംഘങ്ങൾക്ക്/ബാങ്കുകൾക്ക് വിതരണം ചെയ്യുന്നതിനായി സഹകരണ സംഘം രജിസ്ട്രാർക്ക് അനുവദിക്കുന്നുണ്ട്. എന്നാൽ പ്രസ്തുത തുക വിതരണം ചെയ്യുന്നതിന് മുമ്പ് ക്ലെയിമുകളുടെ സത്യസന്ധത സംബന്ധിച്ചും അപേക്ഷകന് 2008 ലെ കേന്ദ്ര കടാശ്വാസ പദ്ധതി അനുസരിച്ച് ആനുകൂല്യം ലഭിച്ചി ട്ടുണ്ടോ എന്നത് സംബന്ധിച്ചും പരിശോധന നടത്തേണ്ടതാണെന്ന് രജിസ്ട്രാർക്ക് നിർദ്ദേശം നല്കുന്നുണ്ട്. സർക്കാർ നല്കുന്ന ആനുകൂല്യം അർഹതയുള്ളവർക്ക് തന്നെ യാണ് ലഭിക്കുന്നതെന്ന് ഉറപ്പ് വരുത്തുന്നതി നാണ് പ്രസ്തുത പരിശോധനകൾ നടത്താൻ നിർദ്ദേശം നല്കിയിട്ടുള്ളത്. എന്നാൽ ഇതുമൂലം കർഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരി

ക്കുന്നതിനായി, കർഷക കടാശ്വാസ കമ്മീഷന്റെ ഉത്തരവ് പ്രകാരമുള്ള കർഷക വിഹിതം അടയ്ക്കുന്ന കർഷകർക്ക്, പ്രസ്തുത ഉത്തരവ് പ്രകാരമുള്ള സർക്കാർ വിഹിതം ലഭിക്കുന്നതിനായി കാത്തിരിക്കാതെ തന്നെ ഈട് പ്രമാണങ്ങൾ തിരികെ നല്കുന്നതിന് 11.09.12 ലെ ജി.ഒ.(ആർറ്റി.) നം. 1788/2012/എഡി പ്രകാരം നിർദ്ദേശം നല്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ